**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3913** **15-07-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിൽ മുതിർന്ന ഡോക്ടർമാരുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിൽ എത്തിക്കുന്ന രോഗികൾക്ക് അടിയന്തരമായി സീനിയർ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | **മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിൽ സീനിയർ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.** |
| (ബി) | അത്യാഹിത വിഭാഗത്തിൽ എത്തിക്കുന്ന രോഗികൾക്ക് അടിയന്തരമായി മുതിർന്ന ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | **എല്ലാ അത്യാഹിത വിഭാഗങ്ങളിലും അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനു തീരുമാനം ആകുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.** |
| (സി) | അത്യാഹിത വിഭാഗങ്ങൾ രോഗി സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | **മെഡിക്കൽ കോളേജുകളിൽ അത്യാഹിത വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. തുടർന്ന് മറ്റ് മെഡിക്കൽ കോളേജുകളിലും ഈ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ പരിശോധന വിഭാഗങ്ങളിലും അസിസ്റ്റന്റ് പ്രൊഫസർ മുതൽ മുകളിലോട്ടുള്ള ഡോക്ടർമാരുടെ സേവനം കാഷ്വാലിറ്റിയിൽ ഉറപ്പ് വരുത്തുന്നുണ്ട്. അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികളെ ചുവപ്പ്, മഞ്ഞ, പച്ച എന്നിങ്ങനെ മൂന്ന് ഗ്രൂപ്പുകളായി തിരിക്കുന്നു. ഗുരുതര രോഗികളെ ശാരീരിക ക്ഷമമത കൈവരിച്ചതിനുശേഷം എമർജൻസി വിഭാഗത്തിൽ നിന്നും മറ്റ് അതാത് വിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നു. മഞ്ഞ വിഭാഗത്തിൽപ്പെടുന്ന രോഗികളെ നേരിട്ട് അതാത് വിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നു. ഇ-ഹെൽത്ത്** |

| | | | |
|---|---|---|---|
| | | | **സംവിധാനം നടപ്പിലാക്കി വരുന്നു. ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എല്ലാ വിഭാഗം ജീവനക്കാർക്കും തുടർച്ചയായ പരിശീലന പരിപാടികൾ നടപ്പിലാക്കും. അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് മാർഗ നിർദ്ദേശം നൽകുന്നതിനും രോഗികളുടെ കൂട്ടിരിപ്പുകാരുമായി ആശയവിനിമയം നടത്തുന്നതിനുമായി പേഷ്യന്റ് ഫെസിലിറ്റേറ്റർമാരെ നിയമിക്കും. അത്യാഹിത വിഭാഗത്തിന് ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിന് കാഷ്വാലിറ്റിയിൽ 24 മണിക്കൂർ കാസ്പ് കൗണ്ടർ പ്രവർത്തിപ്പിക്കുന്നതാണ്. എല്ലാത്തരം അന്വേഷണങ്ങൾക്കുമുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വരുത്തും. അണുബാധ നിയന്ത്രണരീതികളും ബയോമെഡിക്കൽ മാലിന്യ സംസ്കരണവും ശക്തിപ്പെടുത്തുന്ന രീതികൾ അവലംബിക്കുന്നതാണ്. കാഷ്വാലിറ്റിയിൽ എത്തുന്ന രോഗികൾക്ക് യഥാസമയം ട്രോളികളും വീൽചെയറുകളും ലഭ്യമാക്കുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും ട്രോളി സ്റ്റാഫുകളെ നിയമിക്കും. മെഡിക്കൽ സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട്, ആർ.എം.ഒ എന്നിവരുടെ നേതൃത്വത്തിൽ ഡ്യൂട്ടി ഡോക്ടർമാരുടെ ദൈനംദിന വിവരം കാഷ്വാലിറ്റിയിൽ പ്രദർശിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ട്രോമാകെയർ സംവിധാനങ്ങളോട് കൂടിയ കാഷ്വാലിറ്റി വിംഗ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരുക്കിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ